# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4460 25-10-2016 -ൽ മറുപടിക്ക്**

## കെ.എസ്.ഇ.ബി. വഴി വിതരണം ചെയ്യുന്ന എൽ.ഇ.ഡി. ബൾബുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. സി. ദിവാകരൻ : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) | കെ.എസ്.ഇ.ബി. വഴി വിതരണം ചെയ്യുന്ന എൽ.ഇ.ഡി. ബൾബുകൾ എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാക്കിയോ; ഇല്ലെങ്കിൽ ഏതൊക്കെ ജില്ലകളിൽ വിതരണം പൂർത്തിയാക്കിയെന്നും ബാക്കിയുള്ള ജില്ലകളിൽ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കുമോ; | (എ) | ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (ഡെൽപ്പ്) പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വഴി വിതരണം ചെയ്യുന്ന എൽ.ഇ.ഡി. ബൾബുകൾ ഇതുവരെ 37.5 ലക്ഷത്തോളം ഗാർഹിക ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ബൾബിന്റെ വിതരണം നടന്നു വരുന്നു. ബൾബിന്റെ വിതരണം ഒരു ജില്ലയിലും പൂർത്തിയായിട്ടില്ല. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എനർജി എഫിഷ്യന്റ് സർവ്വീസ് ലിമിറ്റഡ് (ഇ.ഇ.എസ്.എൽ.) – മായി ചേർന്നാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്. ഇ. ഇ. എസ്. എൽ. ബാക്കി ബൾബുകൾ വാങ്ങി നൽകുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്. |
| (ബി) | ഗ്യാരന്റി കാലാവധിക്കുള്ളിൽ കേട് സംഭവിക്കുന്ന എൽ.ഇ.ഡി. ബൾബുകൾ മാറ്റി നൽകാൻ കെ.എസ്.ഇ.ബി. സംവിധാനം ഒരുക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ ? | (ബി) | ഗ്യാരന്റി കാലാവധിക്കുള്ളിൽ കേട് സംഭവിക്കുന്ന എൽ.ഇ.ഡി. ബൾബുകൾ മാറ്റി നൽകാൻ സംവിധാനം ഒരുക്കിയിട്ടുണ്ട്.<br><br>ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (ഡെൽപ്പ്) വഴി വിതരണം ചെയ്യുന്ന എൽ.ഇ.ഡി. ബൾബുകൾക്ക് മൂന്ന് വർഷമാണ് ഗ്യാരന്റി കാലാവധി. ഗ്യാരന്റി കാലാവധിക്കുള്ളിൽ കേട് സംഭവിക്കുന്ന എൽ.ഇ.ഡി ബൾബുകൾ ഇ.ഇ.എസ്.എൽ മാറ്റി നൽകുന്നതിനുള്ള സംവിധാനം കെ.എസ്.ഇ.ബി ലിമിറ്റഡ് ഒരുക്കിയിട്ടുണ്ട്. |

Hemalatha

സെക്ഷൻ ഓഫീസർ